## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 624 — 07-01-2014 ലെ മറുപടിയ്ക്ക്

### അന്യസംസ്ഥാന ലോട്ടറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ :<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ :<br>ശ്രീ.സി.കൃഷ്ണൻ:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ: | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | അന്യ സംസ്ഥാന ലോട്ടറികളുമായി ലോട്ടറി മാഫിയ വീണ്ടും എത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | എ) | ഉണ്ട്. ലോട്ടറി നിയമങ്ങളുടെയും, ചട്ടങ്ങളുടെയും, റഗുലേഷൻസിന്റെയും അടിസ്ഥാനത്തിൽ ലോട്ടറി മാഫിയകൾക്ക് എതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | നിയമലംഘനം നടത്തുന്നവർക്കെതിരെ കേന്ദ്ര സർക്കാരിനെക്കൊണ്ട് നടപടി സ്വീകരിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; ആയതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായെങ്കിൽ നിലപാട് അനുകൂലമായിരുന്നോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളുടെ ഫലമായി കേന്ദ്ര സർക്കാർ സിക്കിം ലോട്ടറിയുടെ വിൽപ്പന രണ്ട് വർഷത്തേയ്ക്ക് സംസ്ഥാനത്ത് നിരോധിച്ചിരുന്നു. പ്രസ്തുത നിരോധനം നീട്ടിക്കിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. കൂടാതെ ഭൂട്ടാൻ ലോട്ടറി ഇതു സംബന്ധിച്ച CBI കേസുകളുടെ അന്വേഷണം പൂർത്തിയാകുന്നതു വരെ നിരോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കാനുള്ള അധികാരം സംസ്ഥാനത്തിന് ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; മുൻ സർക്കാർ ആയതിനായി കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുള്ളതായറിയാമോ; | സി) & ഡി) | വ്യാജ ലോട്ടറി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സംസ്ഥാനങ്ങൾ തമ്മിലുള്ള ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിൽ മാത്രമേ അന്യസംസ്ഥാന ലോട്ടറിയുടെ വില്പന അനുവദിക്കാൻ പാടുള്ളു എന്ന രീതിയിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനു കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലോട്ടറി നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രസ്തുത നിയമ പ്രകാരം തന്നെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടി എടുക്കുന്നതിനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന തരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മുൻ സർക്കാരും ഈ വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. |
| ഡി) | കേരള ലോട്ടറിയെ സംരക്ഷിച്ച് വ്യാജ ലോട്ടറി നിർമാർജ്ജനം ചെയ്യാൻ ഉതകുന്ന നിയമം നിർമ്മിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ